മുഖേനയും എന്തെല്ലാം ആവശ്യങ്ങളാണ് നിവേദനം മൂലം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രവാസി മലയാളികളെ സെൻസസ്സിൽ നിന്നും ഒഴിവാക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവരെ ഉൾപ്പെടുത്താൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിദേശത്ത് കാണാതാകുന്നവരെപ്പറ്റിയുള്ള അന്വേഷണം, അവിടെ മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുവാൻ സഹായം, അവിടെ ജോലി ചെയ്തവരുടെ ആശ്രിതർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, തൊഴിലുടമയിൽ നിന്നും പീഡനങ്ങൾ അനുഭവിക്കുന്നവരെ നാട്ടിലെത്തിക്കുന്നതിനുള്ള സഹായം, ട്രാവൽ ഏജൻസികൾക്കെതിരെയുള്ള പരാതികൾ, കുടുംബാംഗങ്ങൾക്കും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് അപേക്ഷകൾ മുതലായവ സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചു വരുന്നു. കൂടാതെ, വിദ്യാഭ്യാസം, പാർപ്പിടം, വിമാന യാത്രകൂലി വർദ്ധന, കസ്റ്റംസ് ഡ്യൂട്ടി, പാസ്പോർട്ട്, പ്രവാസി സുരക്ഷ സാമൂഹ്യ ക്ഷേമ പദ്ധതി മുതലായവ സംബന്ധിച്ചുള്ള അന്വേഷണങ്ങളും ലഭിക്കുന്നുണ്ട്. നിവേദനങ്ങളിലും പരാതികളിലും കേന്ദ്ര വിദേശകാര്യ വകുപ്പ്, മറ്റു സംസ്ഥാന ഗവൺമെന്റുകൾ, സർക്കാർ ഏജൻസികൾ, ഇന്ത്യൻ എംബസികൾ, സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾ മുതലായവയുമായി ബന്ധപ്പെട്ട് പരിഹാരം തേടിവരുന്നു.

(സി&ഡി) സെൻസസ് സംബന്ധിച്ച ചോദ്യാവലി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് നല്കുന്നത്. എന്യൂമറേഷൻ കാലയളവിന്റെ ഒരു സന്ദർഭത്തിലും സംസ്ഥാനത്ത് അവരവരുടെ ഗൃഹങ്ങളിൽ ഹാജരല്ലാത്ത മറുനാടൻ മലയാളികളെ സെൻസസിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാരിന്റെ സെൻസസ് വകുപ്പ് അറിയിച്ചിരിക്കുന്നത്.

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ പ്രവർത്തനം

146 (110) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് വിവരസാങ്കേതിക രംഗത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മേഖലയിൽ വിദേശയാത്രകൾമൂലം എത്ര നിക്ഷേപം സമാഹരിക്കാനും എത്ര വ്യവസായങ്ങൾ ആരംഭിക്കുവാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി ഈ മേഖലയിൽ ലക്ഷ്യമിട്ടിട്ടുള്ളതോ, രൂപരേഖ തയ്യാറാക്കുകയോ ചെയ്തിട്ടുള്ളതായ സംഗതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) വിവരസാങ്കേതികരംഗത്തെ വികസനത്തിനായി, ഐ.റ്റി. അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ.റ്റി വ്യാപനത്തിനായി മാനുഷിക വിഭവ ശേഷി വികസിപ്പിക്കുക, ഐ.റ്റി സർക്കാരിൽ നടപ്പാക്കുക, എന്നീ 3 ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്ത പദ്ധതികൾ ആവിഷ്ക്കരിച്ച് ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കി വരുന്ന ഐ.റ്റി. നയം വിഭാവനം ചെയ്യുന്നു. ശക്തമായ ഒരു ഐ.റ്റി. അധിഷ്ഠിത വ്യവസായ മേഖല അടിത്തറ കെട്ടിപ്പടുക്കുന്നതിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഏകജാലക ക്ലിയറൻസ് സംവിധാനം, 20 കോടി രൂപയോളം മുതൽമുടക്കോടെ ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് എന്നിവ നടപ്പാക്കി വരുന്നു. വിവര സാങ്കേതികവ്യവസായത്തിന് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, വിവരവിനിമയ സൗകര്യങ്ങൾ എന്നിവയെല്ലാം തന്നെ ടെക്നോപാർക്കിൽ ഒരുക്കിയിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രത്യേകമായി പരിഗണിച്ച് ചെറുകിട വ്യവസായങ്ങൾക്ക് നൽകിവരുന്ന എല്ലാ സഹായങ്ങളും നൽകുന്നു. സ്ഥിരനിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപ വരെയുള്ള മൂലധന നിക്ഷേപ സബ്സിഡി നൽകുന്നുണ്ട്. സംസ്ഥാനത്തെ ജില്ലാ കേന്ദ്രങ്ങൾ, മുനിസിപ്പൽ ടൗണുകൾ എന്നിവിടങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ, ഐ.റ്റി അധിഷ്ഠിത വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുന്ന പ്രവർത്തന വൈകല്യങ്ങളെ കണ്ടുപിടിക്കുന്നതിനും, പരിഹരിക്കുന്നതിനുമായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും സ്റ്റിയറിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള' എന്ന പേരിൽ കാര്യവട്ടത്ത് ടെക്നോപാർക്ക് കാമ്പസിൽ വിവരസാങ്കേതിക മേഖലയിലെ വിവിധ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിനായി ഒരു സ്ക്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി വരുന്നു. ഐ.റ്റി. സർക്കാരിൽ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ പുരോഗിച്ചു വരുന്നു. വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചിട്ടുണ്ട്. ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ട 34 വകുപ്പുകളെ ആദ്യഘട്ടത്തിൽ, കമ്പ്യൂട്ടർവത്ക്കരണത്തിനായി മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ വകുപ്പിനും, അതിന്റെ പദ്ധതി വിഹിതത്തിന്റെ 3% വരെ തുക ഐ.റ്റി. നടപ്പാക്കുന്നതിന് ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ, പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് ഒഴികെയുള്ള എല്ലാ വകുപ്പുകൾക്കും ഉപയുക്തമാകുമാറ് ഒരു വിവരവിനിമയ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് വിജ്ഞാന കേന്ദ്രങ്ങളും ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖലയായ റൂറൽ ഡവലപ്മെന്റ് നെറ്റ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്ന 'ഇൻഫർമേഷൻ കേരള മിഷൻ' പദ്ധതി പുരോഗമിച്ചു വരുന്നു.

(ബി) ഈ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശയാത്രമൂലം ടെക്നോപാർക്കിൽ 2970 ലക്ഷം രൂപയുടെ വിദേശനിക്ഷേപം ഉണ്ടാകുയും 8 കമ്പനികൾ പുതുതായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ വിദേശ പ്രവാസി പങ്കാളിത്തത്തോടെ 3 വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെയുള്ള പതിനൊന്നു പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. ഐ.റ്റി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാക്കുന്നതിനുള്ള ഒരു സമഗ്രസേവന കേന്ദ്രം തിരുവനന്തപുരത്ത്, പാളയം സാഫല്യം കോപ്ലക്സിൽ ഈ മാസം നിലവിൽ വരുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഒന്നാം ഘട്ടം അടുത്തുതന്നെ പൂർത്തിയാകുന്നതാണ്. പ്രാദേശികതലത്തിലുള്ള സ്വയം സഹായ സംഘങ്ങളെ ഉൾപ്പെടുത്തി അവർക്ക് മാതൃകാ സാമൂഹ്യകേന്ദ്രങ്ങളിൽ ഡാറ്റാ എൻട്രിയിൽ പരിശീലനം നൽകുന്നതിന് 'പ്രോജക്ട് ഗ്രാമീൺ' എന്ന ഒരു പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഗുണനിലവാരമുള്ള കമ്പ്യൂട്ടർ പരിശീലനം ഗ്രാമപ്രദേശങ്ങളിലും പിന്നോക്ക ജില്ലകളിലും ഉള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിനുവേണ്ടി എൻ.ഐ.സി യുടെ സഹായത്തോടെ സർക്കാർ മേഖലയിൽ ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാന്യപ്പെട്ട അംഗങ്ങളായ ശ്രീ. കെ. നാരായണക്കുറുപ്പ്, ടി. കെ. ബാലൻ, കെ. പ്രകാശ് ബാബു എന്നിവരെ പത്താം കേരള 9.30 A.M.] നിയമസഭയുടെ പതിനാലാം സമ്മേളനത്തിലേക്കുള്ള ചെയർമാന്മാരുടെ പാനലിലേനക്ക് നാമനിർദ്ദേശം ചെയ്യുന്നു.

II അടിയന്തിര പ്രമേയം

സംസ്ഥാനത്തെ സ്ക്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചതിലെ ക്രമക്കേടുകളിൽനിന്നുളവായിട്ടുള്ള ഗുരുതരാവസ്ഥ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, പ്ലസ് ടൂ അനുവദിച്ചതിലുള്ള ക്രമക്കേടുകൾമൂലം സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും

LIBRARY ARCHIVES Kerala Legislative Assembly